# കേരള സർവകലാശാല

നം.പി.ആർ.207/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷ

കേരള സർവകലാശാല ഡിസംബറിൽ നടത്തുന്ന പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷയ്ക്ക് നവംബർ 15 വരെ അപേക്ഷിക്കാം. അപേക്ഷാഫോറവും മറ്റ് വിശദവിവരങ്ങളും വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷ

കേരള സർവകലാശാല നവംബർ 29-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ ബി.എ ഓണേഴ്സ് ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ ഒമ്പത് (50 രൂപ പിഴയോടെ നവംബർ 11, 250 രൂപ പിഴയോടെ നവംബർ 14) വരെ അപേക്ഷിക്കാം. പരീക്ഷാഫീസിനു പുറമെ 200 രൂപ സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം.

### എം.ഫിൽ ഫലം

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം.ഫിൽ ആർക്കിയോളജി (കാര്യവട്ടം), ഹിസ്റ്ററി (യൂണിവേഴ്സിറ്റി കോളേജ്), ഫ്യൂച്ചേഴ്സ് സ്റ്റഡീസ് (കാര്യവട്ടം) എന്നിവയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.ടെക് പരീക്ഷ

കേരള സർവകലാശാല എട്ടാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് - സപ്ലിമെന്ററി) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ നവംബർ നാല് മുതൽ തുടങ്ങും. പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ ഒമ്പത് (50 രൂപ പിഴയോടെ നവംബർ 14, 250 രൂപ പിഴയോടെ നവംബർ 16) വരെ അപേക്ഷിക്കാം. 2010 & 2011 അഡ്മിഷൻ വിദ്യാർത്ഥികൾ അപേക്ഷകൾ നേരിട്ട് സർവകലാശാലയിൽ സമർപ്പിക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല നവംബർ 29-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ ബി.എ, ബി.എസ്സി, ബി.കോം (സി.ബി.സി.എസ്.എസ് - 2013 മുതലുള്ള അഡ്മിഷൻ) പരീക്ഷകളുടെ ടൈംടെബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി ജയം. ഫീസ് 9000/-രൂപ. കോഴ്സ് കാലാവധി ആറ് മാസം. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി നവംബർ 22. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ. ഫോൺ. 0471-2302523.

## ക്രിമിനോളജി ആൻഡ് ക്രിമിനൽ ജസ്റ്റീസ് അഡ്മിനിസ്ട്രേഷൻ കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ ക്രിമിനോളജി ആൻഡ് ക്രിമിനൽ ജസ്റ്റീസ് അഡ്മിനിസ്ട്രേഷൻകോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : കേരള സർവകലാശാല അംഗീകരിച്ച ബിരുദം. ഫീസ് 9000/-രൂപ. നിയമബിരുദ ധാരികൾക്ക് ഫീസ് 8500 രൂപ മാത്രം. കോഴ്സ് കാലാവധി ആറ് മാസം. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി നവംബർ 22. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ. ഫോൺ. 0471-2302523.

## മെഡിക്കൽ ആൻഡ് സൈക്യാട്രിക് സോഷ്യൽ വർക്ക് കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന പോസ്റ്റ് ഗ്രാജുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ മെഡിക്കൽ ആൻഡ് സൈക്യാട്രിക് സോഷ്യൽ വർക്ക് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : കേരള സർവകലാശാല അംഗീകരിച്ച ബിരുദം. ഫീസ് 7500/-രൂപ. കോഴ്സ് കാലാവധി ആറ് മാസം. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി നവംബർ 24. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ. ഫോൺ. 0471-2302523.

## സോഫ്റ്റ് സ്കിൽസ് ആൻഡ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് കോഴ്സ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ സോഫ്റ്റ് സ്കിൽസ് ആൻഡ് പേഴ്സണാലിറ്റി ഡെവലപ്മെന്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്ലസ് ടു/പ്രീഡിഗ്രി. ഫീസ് 6000/-രൂപ. കോഴ്സ് കാലാവധി 100 മണിക്കൂർ. അപേക്ഷാഫീസ് 100 രൂപ. അവസാന തീയതി നവംബർ 24. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ. ഫോൺ. 0471-2302523.

## ദ്വിദിന ശിൽപശാല നടത്തി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം സൈക്കോളജി പഠനവകുപ്പുമായി സഹകരിച്ച് നവംബർ രണ്ട്, മൂന്ന് തീയതികളിൽ കൗൺസിലർമാർക്കായി ദ്വിദിന ശിൽപശാല നടത്തി. കേരള സർവകലാശാല സൈക്കോളജി പഠനവകുപ്പ് അസോസിയേറ്റ് പ്രൊഫസർ ഡോ. എസ് രാജു, അസി. പ്രൊഫ. ഡോ.ജെ ജസീർ തുടങ്ങിയവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി.

**സർവകലാശാല മന്ദിരം,**

തിരുവനന്തപുരം.

03.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**